പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11/07/2014 -ൽ മറുപടിക്ക്
നമ്പർ: 7228

## വസ്തു രജിസ്ട്രേഷന് ഫീസിളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>,, ആർ. സെൽവരാജ്<br>,, ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) ഉണ്ട്. 18/4/2012-ലെ ജി.ഒ.(പി) 73/2012/ റ്റിഡി. (എസ്.ആർ.ഒ.നമ്പർ 270/2012) നമ്പർ ഉത്തരവുപ്രകാരം കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, അവയുടെ മൂല്യത്തിന്റെ 1% ആയി കുറവു ചെയ്തിരുന്നു. കൂടാതെ, 22/8/2012-ലെ ജി.ഒ.(പി)149/2012/റ്റിഡി. (എസ്.ആർ.ഒ. നമ്പർ 593/2012) നമ്പർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, അവയുടെ മൂല്യത്തിന്റെ 1% എന്നതിനുവിധേയമായി പരമാവധി 25,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഏതെല്ലാംതരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുളളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി(release), ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുള്ളത്. |
| സി) പ്രസ്തുത വിഷയം സംബന്ധിച്ച് നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | സി) ഉണ്ട്. 18/04/2012-ലെ ജി.ഒ.(പി)73/2012/ റ്റിഡി. (എസ്.ആർ.ഒ. നമ്പർ 270/2012), 22/08/2012-ലെ ജി.ഒ.(പി) 149/2012/റ്റിഡി. (എസ്.ആർ.ഒ. നമ്പർ 593/2012) എന്നീ ഉത്തരവുകൾ പ്രകാരമാണ് പ്രസ്തുത ഇളവുകൾ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. |

ഡി) എന്നുമുതലാണ് ഫീസിളവിന് പ്രാബല്യം നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

18/04/2012-ലെ ജി.ഒ.(പി)73/2012/റ്റിഡി. (എസ്.ആർ.ഒ. നമ്പർ 270/2012 നമ്പർ ഉത്തരവു പ്രകാരമുള്ള ഫീസിളവ് ഉത്തരവ് തീയതിയായ 18/04/2012 മുതലും, 22/8/2012-ലെ ജി.ഒ.(പി)149 /2012/റ്റിഡി. (എസ്.ആർ.ഒ. നമ്പർ 593/2012) നമ്പർ ഉത്തരവ് പ്രകാരമുള്ള ഫീസിളവ് ഉത്തരവ് തീയതിയായ 22/08/2012 മുതലുമാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് ആധാരച്ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ആനുകൂല്യം നൽകിയത്.

സെക്ഷൻ ഓഫീസർ.